# CAREER Updates
# പത്രവൃത്താന്തം

**03.08.2024 (ശനി)**



- ➪ മനുഷ്യരെ ബഹിരാകാശത്തെത്തിക്കുന്നതിനുള്ള ഐ.എസ്.ആർ.ഒ.-നാസ സംയുക്ത ദൗത്യമായ ആക്സിയം 4-ന്റെ ഭാഗമാകുന്ന ഇന്ത്യക്കാരൻ
- ✔ ശുഭാംശു ശുക്ല
- നാല് പേരുൾപ്പെടുന്ന ആക്സിയം-4 ദൗത്യത്തിൽ അമേരിക്കയുടെ പെഗ്ഗി വിറ്റ്സൺ (കമാൻഡർ), ശുഭാംശു ശുക്ല (പൈലറ്റ്), പോളണ്ടിന്റെ സ്ലാവോസ് ഉസ്നൻസ്കി (മിഷൻ സ്പെഷ്യലിസ്റ്റ്), ഹംഗറിയുടെ ടിബോർ കാബു (മിഷൻ സ്പെഷ്യലിസ്റ്റ്) എന്നിവരാണ് ഭാഗമാകുന്നത്.
- ശുഭാംശു ശുക്ലയ്ക്ക് ദൗത്യത്തിന്റെ ഭാഗമാകാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ പകരക്കാരൻ എന്ന നിലയിൽ തിരഞ്ഞെടുക്കപ്പെട്ടത് മലയാളിയായ പ്രശാന്ത് ബാലകൃഷ്ണൻ നായർ ആണ്. ഇന്ത്യയുടെ ഗഗൻയാൻ പദ്ധതിയുടെ ഭാഗമാകുന്നവരാണ് ശുഭാംശു ശുക്ലയും പ്രശാന്തും.

- ➪ പതിനെട്ടാം ലോക്സഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ ആയി തിരഞ്ഞെടുക്കപ്പെട്ട മലയാളി എം.പി.
- ✔ കെ.സി. വേണുഗോപാൽ
- ലോക്സഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ ആയി തിരഞ്ഞെടുക്കപ്പെടുന്ന നാലാമത്തെ മലയാളിയാണ് കെ.സി. വേണുഗോപാൽ. ജോൺ മത്തായി, സി.എം. സ്റ്റീഫൻ, കെ.വി. തോമസ് എന്നിവരാണ് ഈ സ്ഥാനത്തെത്തിയിട്ടുള്ള മറ്റ് മലയാളികൾ.
- ➪ ഒളിമ്പിക്സ് പുരുഷ ബാഡ്മിന്റൺ സിംഗിൾസിൽ സെമി ഫൈനലിലെത്തുന്ന ആദ്യ ഇന്ത്യൻ പുരുഷ താരം
- ✔ ലക്ഷ്യ സെൻ
- ➪ 2024 ആഗസ്റ്റിൽ എൻ.ഐ.ടി. കാലിക്കറ്റ് പുറത്തിറക്കിയ ഡേറ്റാ മാനേജ്മെന്റ് വെബ്ബ് പോർട്ടൽ
- ✔ നിവാഹിക
- ➪ ഇന്ത്യയിലെ ആദ്യത്തെ വന്ദേ മെട്രോയുടെ പരീക്ഷണ ഓട്ടം നടത്തിയ റൂട്ട്
- ✔ ചെന്നൈ-കാട്പാടി റൂട്ട്
- ➪ 2024 ആഗസ്റ്റിൽ അന്തരിച്ച ബഹുഭാഷാ പണ്ഡിതനും കവിയും വിവർത്തകനുമായിരുന്ന മലയാളി
- ✔ സി.ജി. രാജഗോപാൽ
- ഹിന്ദിയിലെ തുളസീദാസ രാമായണം 'രാമചരിതമാനസം' എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതിന് കേന്ദ്ര സാഹിത്യ അക്കാദമിയുടെ 2019-ലെ വിവർത്തന പുരസ്കാരം ഇദ്ദേഹത്തിന് ലഭിച്ചിരുന്നു.
- ➪ ഹമാസ് തലവൻ ഇസ്മയിൽ ഹനിയേയുടെ മരണവുമായി ബന്ധപ്പെട്ടുള്ള പോസ്റ്റുകൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തിയതിനെ തുടർന്ന് 2024 ആഗസ്റ്റിൽ ഇൻസ്റ്റഗ്രാമിന് വിലക്കേർപ്പെടുത്തിയ രാജ്യം
- ✔ തുർക്കി

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999